## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 994 | 30.10.2019 -ലെ മറുപടി

**വെള്ളിയാങ്കല്ലിൽ ഇറിഗേഷൻ ഓഫീസ്**

ചോദ്യം
ശ്രീ.മുഹമ്മദ് മുഹസിൻ പി

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഭാരതപ്പുഴയിൽ തൃത്താല മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വെള്ളിയാങ്കല്ല് റെഗുലേറ്റർ -കം- ബ്രിഡ്ജിന്റെ ഷട്ടറുകൾ യഥാസമയം തുറക്കാൻ സാധിക്കാത്ത സാഹചര്യം പട്ടാമ്പി മേഖലയിൽ പ്രളയത്തിന് ആക്കം കൂട്ടി എന്ന ആരോപണം നിലനില്ക്കുന്ന സാഹചര്യത്തിൽ ഷട്ടറുകൾ യഥാസമയം തുറന്നു പ്രവർത്തിക്കുമെന്ന് ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | വെള്ളിയാങ്കല്ല് റെഗുലേറ്റർ -കം- ബ്രിഡ്ജിന്റെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനായി ഷട്ടറുകൾ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ 135 ലക്ഷം രൂപ മെക്കാനിക്കൽ പ്രവൃത്തികൾക്കും, തകർന്ന ഏപ്രണുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായി 1700 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുമുള്ള എസ്റ്റിമേറ്റുകൾ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) യിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | റെഗുലേറ്ററിന്റെ ശരിയായ മേൽനോട്ടത്തിനും യഥാസമയത്തുള്ള ഓപ്പറേഷൻസിനുമായി വെള്ളിയാങ്കല്ലിൽ ഇറിഗേഷൻ വകുപ്പിന്റെ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഷട്ടറുകൾ യഥാസമയം തുറക്കാൻ സാധിക്കാതെ വന്നാലുണ്ടാകുന്ന അപകട സാദ്ധ്യത പരിഗണിച്ച് പ്രസ്തുത ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | ഉണ്ട്. ചമ്രവട്ടം പ്രൊജക്റ്റ് ഡിവിഷൻ കാമ്പസിൽ പ്രവർത്തിച്ചിരുന്ന ഓഫീസ്, ഇറിഗേഷൻ പ്രൊജക്റ്റ് സെക്ഷൻ, വെള്ളിയാങ്കല്ല്, തൃത്താല എന്നപേരിൽ വെള്ളിയാങ്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ